"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കേരള എഞ്ചിനീയറിംഗ് / ആർക്കിടെക്ചർ / മെഡിക്കൽ (KEAM) പ്രവേശന പരീക്ഷാ - അപേക്ഷ സമർപ്പിക്കുമ്പോൾ ഹാജരാക്കേണ്ട വിവിധ സർട്ടിഫിക്കറ്റുകൾ സംബന്ധിച്ച് - കീം പ്രോസ്പെക്ടസ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.475/2022/HEDN തീയതി,തിരുവനന്തപുരം, 25-03-2022

പരാമർശം:-
1. 07.10.2021 ലെ സ.ഉ.(അച്ചടി) നം.1/2021/പിഐഇ&എംഡി നമ്പർ സർക്കാർ ഉത്തരവ്.
2. 07.03.2022 ലെ സിഇഇ/26/2022-റ്റിഎ2 നമ്പർ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കത്ത്

**ഉത്തരവ്**

പരാമർശ ഉത്തരവ് പ്രകാരം പൗരൻമാർക്ക് വിവിധ സർട്ടിഫിക്കറ്റുകൾ / സേവനങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും നിയമ പ്രകാരമുള്ള വിവിധ അനുമതികൾക്കുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ കേരള എഞ്ചിനീയറിംഗ് / ആർക്കിടെക്ചർ / മെഡിക്കൽ (KEAM) പ്രവേശന പരീക്ഷാ പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി, പ്രവേശന പരീക്ഷാ അപേക്ഷ സമർപ്പിക്കുമ്പോൾ ഹാജരാക്കേണ്ട വിവിധ സർട്ടിഫിക്കറ്റുകൾ സംബന്ധിച്ച് പരാമർശ കത്ത് പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർ സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു.

പരാമർശ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, കേരള എഞ്ചിനീയറിംഗ് / ആർക്കിടെക്ചർ / മെഡിക്കൽ (KEAM) പ്രവേശന പരീക്ഷാ അപേക്ഷ സമർപ്പിക്കുമ്പോൾ ഹാജരാക്കേണ്ട വിവിധ സർട്ടിഫിക്കറ്റുകൾ സംബന്ധിച്ച് ചുവടെ ചേർക്കുന്ന മാറ്റങ്ങൾ വരുത്തി കീം പ്രോസ്പെക്ടസ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു..

1 . **നേറ്റിവിറ്റി** : കേരളീയൻ (Kerallite), **കേരളീയേതരൻ** ഒന്നാം വിഭാഗം (Kerallite -I) എന്നീ വിഭാഗങ്ങൾക്ക് നേറ്റിവിറ്റി തെളിയിക്കുന്നതിനായി ഇപ്പോൾ പിന്തുടരുന്ന രീതി തുടരേണ്ടതാണ്.

2. **മൈനോരിറ്റി** സർട്ടിഫിക്കറ്റ്: SSLC ബുക്ക്/വിദ്യാഭ്യാസ രേഖയിൽ മതം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ വില്ലേജ്/തഹസിൽ ദാർ -ടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല. അല്ലാത്തപക്ഷം വില്ലേജ് ഓഫീസർ നൽകുന്ന കമ്മ്യൂണിറ്റി/ നോൺക്രീമിലയർ/ മൈനോരിറ്റി സർട്ടിഫിക്കറ്റുകൾ അപേക്ഷകർ ഹാജരാക്കേണ്ടതാണ്.

3. **One and the Same Certificate:** അപേക്ഷകൻ നൽകുന്ന സർട്ടിഫിക്കറ്റിൽ അപേക്ഷകന്റെയോ/ മാതാപിതാക്കളുടെയോ പേരുകളിൽ വ്യത്യാസം ഉണ്ടെങ്കിൽ ഗസറ്റഡ് പദവിയിലുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ അപേക്ഷകന്റെ സത്യപ്രസ്താവന ഹാജരാക്കിയാൽ മതി.

4. **ബന്ധുത്വ (Relationship) സർട്ടിഫിക്കറ്റ്:** വില്ലേജ് ഓഫീസർ നൽകുന്ന ബന്ധുത്വ സർട്ടിഫിക്കറ്റ് കൂടാതെ റേഷൻ കാർഡ്, സ്കൂൾ സർട്ടിഫിക്കറ്റ്, പാസ്പോർട്ട്, ആധാർ, ജനന സർട്ടിഫിക്കറ്റ് എന്നീ രേഖകളിൽ ഏതിലെങ്കിലും ബന്ധുത്വം കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവ പരിഗണിക്കേണ്ടതാണ്.

5 . **ജാതി സർട്ടിഫിക്കറ്റ്:** തഹസിൽദാർ/വില്ലേജ് ഓഫീസർ നൽകുന്ന ജാതി /സമുദായ സർട്ടിഫിക്കറ്റുകൾ കൂടാതെ അപേക്ഷകന്റെ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ് വിദ്യാഭ്യാസ രേഖയിൽ ജാതി കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് അടിസ്ഥാന രേഖയായി പരിഗണിക്കേണ്ടതാണ്. അച്ഛനമ്മമാർ വ്യത്യസ്ത ജാതിയൽപ്പെട്ടവരാണെങ്കിൽ അവരുടെ / അവരിലൊരാളുടെ എസ്.എസ്. എൽ.സി ബുക്ക് വിദ്യാഭ്യാസ രേഖയിൽ രേഖപ്പെടുത്തിയിട്ടുള്ള ജാതി പരിഗണിക്കേണ്ടതാണ്.

6. **മിശ്ര വിവാഹ (Inter Caste) സർട്ടിഫിക്കറ്റ്:** ഭാര്യയുടേയും ഭർത്താവിന്റേയും എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ വിദ്യാഭ്യാസ രേഖയിൽ ജാതി കൃത്യമായി രേഖപ്പെടുത്തിയിരിക്കുകയും സബ് രജിസ്ട്രാറോ തദ്ദേശസ്ഥാപനമോ നൽകിയിട്ടുള്ള വിവാഹ സർട്ടിഫിക്കറ്റും ഉണ്ടെങ്കിൽ ആയത് മിശ്ര വിവാഹ സർട്ടിഫിക്കറ്റിന് പകരമുള്ള രേഖയായി കണക്കാക്കേണ്ടതാണ്. അത്തരത്തിൽ എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, സബ് രജിസ്ട്രാറോ തദ്ദേശസ്ഥാപനമോ നൽകിയിട്ടുള്ള വിവാഹ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുന്ന അപേക്ഷകർ സത്യവാങ്മൂലം നൽകേണ്ടതാണ് .അല്ലാത്തപക്ഷം അപേക്ഷകർ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. മിശ്ര വിവാഹിതരിൽ ഒരാൾ പട്ടിക ജാതി പട്ടിക വർഗ വിഭാഗത്തിൽ ഉൾപ്പെട്ട ആളാണെങ്കിൽ സംവരണം തെളിയിക്കുന്നതിന് നിലവിലെ രീതി തുടരേണ്ടതാണ്.

പ്രവേശന പരീക്ഷ കമ്മീഷണർ, മേൽ പരാമർശിച്ച മാറ്റങ്ങൾ 2022-23 അധ്യയന വർഷത്തെ പ്രവേശന പരീക്ഷ പ്രോസ്പെക്ടസിൽ ഉൾകൊള്ളിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C AJAYAN
അഡിഷണൽ സെക്രട്ടറി

പകർപ്പ് :
പ്രവേശന പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ആഫീസർ, വിവര - പൊതുജനസമ്പർക്ക വകുപ്പ്.
www.highereducation.kerala.gov.in.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Geethakumari

സെക്ഷൻ ഓഫീസർ